# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4584** **26.10.2016-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ. കൾ

**ചോദ്യം**
ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ. കൾ ജനറൽ ഐ.ടി.ഐ.യ്ക്കു കീഴിൽ ആക്കുന്നതിനായി എന്തെങ്കിലും ശിപാർശകൾ നിലവിലുണ്ടോ; | എ) & ബി) | ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള നാട്ടുകാണി, കുട്ടമല എന്നീ പട്ടികവർഗ്ഗ ഐ.ടി.ഐകൾ 11.11.2013-ലെ സ.ഉ(എം.എസ്) നം.139/2013/എൽ.ബി.ആർ, 07.06.2014-ലെ സ.ഉ(എം.എസ്)നം.64/2014/എൽ.ബി.ആർ എന്നീ ഉത്തരവുകൾ പ്രകാരം ഉടമസ്ഥാവകാശം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലനിർത്തിയും നിലവിലുള്ളതുപോലെ വിദ്യാർത്ഥി പ്രവേശനത്തിൽ 80% സീറ്റുകൾ പട്ടിക വർഗ്ഗക്കാർക്ക് നൽകികൊണ്ടും വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | | |
| സി) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.കളിൽ കാര്യക്ഷമമായ പരിശീലനവും വിദ്യാർത്ഥികൾക്ക് താമസസൗകര്യവും സ്ഥിരം ജീവനക്കാരെ | സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം കുട്ടമലയിലും, ഇടുക്കി നാട്ടുകാണിയിലുമായി രണ്ട് ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നു.<br>നിലവിൽ കുട്ടമലയിൽ ഇലക്ട്രീഷ്യൻ, കാർപ്പന്ററി |

| | | | |
|---|---|---|---|
| | നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | എന്നീ ട്രേഡുകളാണ് ഉള്ളത്. ഇലക്ട്രീഷ്യനിൽ 3 കുട്ടികളും കാർപ്പെന്ററിയിൽ 13 കുട്ടികളും (ആകെ-16) പരിശീലനം നടത്തുന്നു.<br>നാട്ടുകാണി ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ ട്രേഡിൽ 21 കുട്ടികളും പ്ലംബർ ട്രേഡിൽ 21 കുട്ടികളും (ആകെ 42) പരിശീലനം നടത്തുന്നു.<br>ഇലക്ട്രീഷ്യൻ കോഴ്സിന്റെ കാലാവധി 2 വർഷവും, കാർപ്പെന്ററി, പ്ലംബർ ട്രേഡുകളുടെ പരിശീലന കാലാവധി 1 വർഷവുമാണ്.<br>കാർപ്പെന്ററി, ഇലക്ട്രീഷ്യൻ ട്രേഡുകൾക്ക് എൻ.സി.വി.ടി അംഗീകാരവും, പ്ലംബർ ട്രേഡിന് എസ്.സി.വി.ടി അംഗീകാരവുമുണ്ട്.<br>വ്യവസായിക പരിശീലന വകുപ്പ് പ്രസ്തുത ഐ.ടി.ഐ.കൾ ഏറ്റെടുക്കുന്ന പക്ഷം ഐ.ടി.ഐകളിലെ അടിസ്ഥാന സൗകര്യ വികസനം, കാര്യക്ഷമമായ പരിശീലനം എന്നിവ നടപ്പിലാക്കുന്നതിനും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിനും ഉള്ള നടപടികൾ വ്യവസായിക പരിശീലന വകുപ്പ് കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ